# 'ഞാൻ രക്തം കണ്ടാൽ തല കറങ്ങി വീഴുന്നവനാണ്'



1958ൽ ഞാൻ വരന്തരപ്പിള്ളി സെന്റ് പയസ് X ആസ്പിരൻസ് ഹൗസിൽ ചേർന്നു: ജോഷാച്ചൻ പ്രിയോർ, ഡൺസ്റ്റനച്ചൻ റെക്ടർ. അന്ന് യോഗാർത്ഥികൾ രണ്ടുവർഷം വരന്തരപ്പിള്ളിയിൽ പഠിക്കണം. ലത്തീനും സുറിയാനിയും ഇംഗ്ലീഷും പ്രധാന വിഷയങ്ങൾ.

എന്റെ ആദ്യ വർഷത്തിൽ വരന്തരപ്പിള്ളിയിൽ ഒരു വലിയ അത്യാഹിതം നടന്നു. കേരളത്തിൽ ആദ്യമായി കമ്മ്യുണിസ്റ്റ് ഗവൺമെന്റ് ഭരണത്തിൽ വന്ന കാലം. പാലപ്പിള്ളിയിൽ നിന്ന് ഒരു കമ്മ്യണിസ്റ്റ് ജാഥ വരന്തരപ്പിള്ളിയിൽ വന്നു. വരന്തരപ്പിള്ളി അങ്ങാടിയിൽ വച്ച് ജാഥക്കാരും അങ്ങാടിക്കാരും തർക്കം മൂത്ത് കല്ലേറും കത്തിക്കുത്തും നടന്നു. അങ്ങാടിക്കാർ കല്ലും ജാഥക്കാർ കത്തി പ്രയോഗവും നടത്തി.

കത്തിക്കുത്തിൽ അതിദാരുണമായി പരുക്കേറ്റ നാലഞ്ചു പേർ കൊവേന്തപ്പടിക്കുള്ളിൽ കിടന്നു പിടയുന്നു. പ്രിയോരച്ചനും റെക്ടറച്ചനും ഞങ്ങളെ രണ്ടു മൂന്ന് ബ്രദേഴ്സിനെ വിളിച്ച് മരണാസന്നരായവർക്ക് ഒപ്രൂശുമ കൊടുക്കാൻ പോയി. മുറിവുകളിൽ നിന്ന് രക്തം ചീറ്റി ഒഴുകുന്നത് കണ്ടപ്പോൾ ഡൺസ്റ്റനച്ചൻ തല കറങ്ങി വീണു.

രണ്ടുപേർ അച്ചനെ കൊവേന്തയിലേക്ക് താങ്ങി കൊണ്ടുപോന്നു. പ്രിയോരച്ചനും ഞാനും നാലുപേർക്ക് പെട്ടെന്ന് ഒപ്രൂശൂമ കൊടുത്തു. ഒരാൾ ഹിന്ദുവായിരുന്നു. പോലീസ് വാഹനം വരുന്നുന്നെ് കേട്ടപ്പോൾ ഞങ്ങൾ വേഗം കൊവേന്തയിലേക്ക് പോന്നു. തൽക്ഷണം പോലീസ് വണ്ടിവന്ന് മുറിവേറ്റ് അവശരായി കിടന്നവരെയെല്ലാം വണ്ടിയിൽ കയറ്റി കൊണ്ടുപോയി. അതിൽ അഞ്ച് അങ്ങാടിക്കാരും കത്തി പ്രയോഗം നടത്തിയ ജാഥക്കാരനും ഉൾപ്പെട്ടിരുന്നു.

കൊണ്ടുപോയ ആറിൽ നാലുപേരും മരിച്ചു. കൊവേന്തപ്പടിക്കുള്ളിൽ കിടന്നവരിൽ ഒരാൾ മരിച്ചില്ല. കുറച്ചു ദിവസങ്ങൾക്കു ശേഷം ആസ്പത്രിയിൽ നിന്നുപോന്നു. പയ്യപ്പിള്ളി അച്ചന്റെ അപ്പൻ മരിച്ചില്ല. റോട്ടിൽ കിടന്നിരുന്ന ജാഥക്കാരൻ മരിച്ചുവെന്ന് കരുതി ഇടിയും തൊഴിയും നിറുത്തിയതായിരുന്നത്രെ; അയാൾ മരിച്ചില്ല.

ഡൺസ്റ്റനച്ചൻ പറഞ്ഞു: 'ഞാൻ രക്തം കണ്ടാൽ തല കറങ്ങി വീഴുന്നവനാണ്'. പിന്നീട് പോലീസ് വന്ന് നമ്മുടെ പലരേയും ചോദ്യം ചെയ്ത് ഭീഷണിപ്പെടുത്തി. റെക്ടറച്ചന് ഒപ്രൂശുമ കൊടുക്കേണ്ടി വരുമോയെന്ന് പ്രയോരച്ചൻ പറഞ്ഞു. റെക്ടറച്ചനെ കൊവേന്തയിലേക്ക് കൊണ്ടുപോന്നില്ലായിരുന്നുവെങ്കിൽ അച്ചനെയും പോലീസ്‌വിയിൽ കേറ്റി കൊണ്ടു പോകുമായിരുന്നു.

**ഫാ. ജെ. വിതയത്തിൽ സി.എം.ഐ.**